ഉത്തരം

(എ) സംസ്ഥാനത്തെ ഐ.എ.എസ്. കേഡറിൽ ഇപ്പോൾ 171 ഉദ്യോഗസ്ഥർ ഉണ്ട്. ഇതിൽ 48 ഐ.എ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാനത്തിന് പുറത്ത് ഡപ്യൂട്ടേഷനിൽ ആണ്.

(ബി) ഇല്ല.

(സി) കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസിലും സെക്രട്ടറിയേറ്റ് ഇൻസ്ട്രക്ഷനിലും സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലും നിഷ്കർഷിച്ചിട്ടുള്ള ചുമതലകളാണ് ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ എന്നിവർ നിർവഹിക്കുന്നത്. ബന്ധപ്പെട്ട വകുപ്പിന്റെ ഔദ്യോഗിക വകുപ്പ് തലവൻമാർ എന്ന നിലയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും ഇവർ നിർവ്വഹിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർവ്വീസ് ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തിയിട്ടുള്ളത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ശമ്പളവും, അലവൻസും, പെൻഷൻ ആനുകൂല്യങ്ങളും മെഡിക്കൽ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നുണ്ട്. ഉയർന്ന പെൻഷൻ പ്രായം 60 ആക്കി നിജപ്പെടുത്തിയിട്ടുണ്ട്. ലീവ് ട്രാവൽ കൺസഷനും ഇവർക്ക് ലഭ്യമാണ്.

ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് മാത്രമായി ശമ്പളത്തിനും അലവൻസിനും ബഡ്ജറ്റിൽ പ്രത്യേക ക്ലാസിഫിക്കേഷനിൽ തുക വകകൊള്ളിക്കാറില്ല. ഇവർക്ക് പ്രതിവർഷം ശമ്പള-അലവൻസ് ഇനത്തിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പെൻഷൻപറ്റിയ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബിനെ സർക്കാരിന്റെ അഡ്വൈസർ ആയി നിയമിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

സെക്രട്ടേറിയറ്റിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

8 [2438] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/588/2012—8

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദൂര ജില്ലകളിൽനിന്നും വരുന്ന ആളുകൾക്ക് റിസപ്ഷൻ ആഫീസിന് മുന്നിൽ ഇരിപ്പിടം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരിക്കുന്ന സമയത്ത് പല മന്ത്രിമാരും, വകുപ്പു സെക്രട്ടറിമാരും മീറ്റിംഗുകൾ നടത്തി പൊതുജനങ്ങളെ കാണാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ഒഴിവാക്കുന്നതിന് ഈ സമയത്ത് പരമാവധി മീറ്റിംഗുകൾ ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(ഇ) മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പുതലവൻമാരും പൊതുജനങ്ങളെ കാണുവാനുള്ള ദിവസവും, സമയവും നിജപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) & (ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രവേശിക്കുന്നതിന് ഉച്ചയ്ക്കുശേഷം 3 മണിമുതൽ വൈകുന്നേരം 5 മണിവരെ സമയം നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത സമയത്ത് റിസപ്ഷൻ ഓഫീസുകളിൽനിന്നും പ്രവേശന പാസ് എടുത്ത് ബന്ധപ്പെട്ടവരെ സന്ദർശിക്കാവുന്നതാണ്. കൂടാതെ മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ഓഫീസുകളിൽ നിന്നും സ്പെഷ്യൽ പാസ്സുകൾ മുഖാന്തിരം നിശ്ചയിച്ചിട്ടുള്ള സമയത്തിനു മുൻപ് സന്ദർശകരെ സ്വീകരിക്കാറുണ്ട്. സ്ഥലലഭ്യത അനുസരിച്ച് റിസപ്ഷൻ ഓഫീസുകളുടെ മുന്നിൽ പൊതുജനങ്ങൾക്കുായി ഇരിപ്പിടം നൽകുന്നുണ്ട്.

(സി) & (ഡി) നിശ്ചിത സമയത്ത് മന്ത്രിമാരെയും സെക്രട്ടറിമാരെയും പൊതുജനങ്ങൾക്ക് കാണുന്നതിൽ തടസ്സമൊന്നുമില്ല. അടിയന്തിരമായി മീറ്റിംഗ് നടത്തേണ്ടിവരുന്ന സമയങ്ങളിൽ പൊതുജനങ്ങളെ സ്വീകരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ടാകാം. അത് മനഃപൂർവ്വമായിട്ടല്ല.

(ഇ) മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പു തലവൻമാരും പൊതുജനങ്ങളെ കാണുന്നതിനുള്ള സമയം നിജപ്പെടുത്തിയിട്ടുണ്ട്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കാൻ നടപടി

9 [2439] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly